## ജി എം എൽ പി സ്കൂൾ
## ആനക്കയം -പുള്ളിയിലങ്ങാടി

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# &
# വാർഷിക കലണ്ടർ
# 2025 – 2026

സംസ്ഥാനത്ത് നടപ്പിലാക്കിയ സമഗ്രഗുണമേന്മ വിദ്യാഭ്യാസപദ്ധതിയുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസമേഖലയിൽ പുത്തനുണർവു സൃഷ്ടിക്കാൻ പര്യാപ്തമായ വിവിധങ്ങളായ പ്രനർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ജി.എം.എൽ.പി സ്കൂൾ ആനക്കയം പ്രതിജ്ഞാബദ്ധരായണ്. ഇതിന്റെ അടിസ്ഥാനത്തിൽ സ്കൂളിന്റെ അക്കാദമികവും ഭൗതികവുമായ വളർച്ചയേയും സഹായിക്കുന്ന ഒരു മാസ്റ്റർ പ്ലാനാണ് ഇവിടെ തെയ്യാറാക്കിയിട്ടുള്ളത്.

ഭൗതികസാഹചര്യങ്ങളുടെ കാര്യത്തിൽ ഈ വിദ്യാലയം ഏറെ മുന്നോട്ടു പോയിട്ടുണ്ടെങ്കിലും സാങ്കേതിക വിദ്യാലയാധിഷ്ഠിതമായ പഠനത്തിന് പര്യാപ്തമായ ഉപകരണങ്ങൾ ഇനിയും ആവശ്യമായിട്ടുണ്ട്. എല്ലാ ക്ലാസ് റൂമുകളും സ്മാർട്ട് ക്ലാസ് റൂമുകളാക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തേണ്ടതായിട്ടുണ്ട്.

## Smart class rooms

മാറികൊണ്ടിരിക്കുന്ന അധ്യയനരീതിയിൽ smart class rooms ന് വലിയ പ്രാധാന്യമുണ്ട്. പ്രത്യേകിച്ചും അടിസ്ഥാനാക്ഷരങ്ങൾ പഠിച്ച് തുടങ്ങുന്ന ലോവർ പ്രൈമറിയിൽ ഇത് മാറ്റി വയ്ക്കാൻ കഴിയാത്ത കാര്യമാണ്. ഇതിനാവശ്യമായ ചർച്ചകൾ എക്സിക്യൂട്ടീവ് മീറ്റിംഗിൽ നടന്നു. ഇതിനു വേണ്ടി നാട്ടുകാരുടെയും രക്ഷിതാക്കളുടെയും സഹായ സഹകരണങ്ങളോടെ കമ്പ്യൂട്ടറുകൾ, പ്രൊജക്ടറുകൾ ,ടി.വി കൾ എന്നിവ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## സ്കൂളിന്റെ തനതുപ്രവർത്തനങ്ങൾ

അക്ഷരക്കൂട്ട്

Cursive writing

Daily quiz

തങ്ങളുടെല്ലാത്ത കാരണങ്ങളാൽ കുട്ടികളിലുണ്ടായ പഠനവിടവുകളും തന്മൂലമുള്ള പഠനപിന്നോക്കാവസ്ഥയും പരിഹരിക്കാൻ അക്ഷരക്കൂട്ട് പദ്ധതി 2,3,4, ക്ലാസ്സുകളിൽ നടപ്പാക്കാൻ തീരുമാനിച്ചട്ടുണ്ട്. student teachers ,mentor teachers എന്നിവരുടെ സഹായത്തോടെ വർക്ക് ഷീറ്റ്, ഐ.ടി, ലൈബ്രറി തുടങ്ങിയവ ഉപയോഗിച്ച് കുട്ടികളുടെ പിന്നാക്കാവസ്ഥ പരിഹരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

കഴിഞ്ഞ വർഷം നടപ്പിലാക്കിയ cursive writing പദ്ധതിയുടെ തുടർപ്രവർത്തനമായി cursive writing magazine 1മുതൽ 4 വരെ ക്ലാസ്സുകളിൽ നിർവഹിക്കുന്ന പ്രവർത്തനമാണ് മറ്റൊന്ന്. ആഴ്ചയിൽ ഒരു ദിവസം പരിശീലനവും എല്ലാ മാസാവസാനവും cursive writing മെച്ചപ്പെടുത്താനുള്ള മത്സരങ്ങളും നടത്തി. തുടർപ്രവർത്തനമായി വർഷാന്ത്യത്തിൽ മാഗസിൻ നിർമിക്കുന്നു.

## Parenting class

പുതിയ കാലത്തെ കുട്ടികളെ എങ്ങനെ കൈകാര്യം ചെയ്യണമെന്നതിൽ പലപ്പോഴും രക്ഷിതാക്കൾ അജ്ഞരാണ്. കുട്ടികളോടുള്ള മാനസിക അടുപ്പം വർദ്ധിപ്പിച്ച് അവന്റെ നല്ലൊരു കൂട്ടുകാരനായി കുട്ടികളെ ചീത്ത ശീലങ്ങഘ്ങളിൽ നിന്നും അകറ്റി നിർത്താൻ രക്ഷിതാക്കളെ സഹായിക്കുന്ന ബോധവൽക്കരണക്ലാസ് ആണ് parenting class

കൊണ്ട് ഉദ്ദേശിക്കുന്നത്.

## ശിൽപശാലകൾ

ഗണിത ശിൽപശാല, പ്രവൃത്തി പരിചയ ശിൽപശാല,രചനാശിൽപശാല, സയൻസ് ശിൽപശാല ഇവയാണ് ഈ വർഷം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള ശിൽപശാലകൾ. ഓരോ മേഖലയിലും പ്രതിഭകളെ കണ്ടുപിടിക്കാൻ ഇവ സഹായിക്കും. അങ്ങനെ നാളത്തെ ശാസ്ത്രജ്ഞർ, സാഹിത്യകാരന്മാർ, ആർകിടെക്ട്സ് എന്നിവരെല്ലാം നമ്മുടെ സ്കൂളിൽ നിന്നുമുണ്ടാവട്ടെ...

## പഠനയാത്രകൾ

പഠിച്ച വസ്തുതകൾ മനസ്സിലുറപ്പിക്കാൻ സഹായിക്കുന്ന പഠനയാത്രകൾ ( ആന്കകയം ഗവേഷണ കേന്ദ്രം, പൊതുവായനശാല, പക്ഷി നിരീക്ഷണം , ആവാസവ്യവസ്ഥകൾetc.....)

### ദിനാചരണങ്ങൾ

പരിസ്ഥിതിദിനം,വായനദിനം,ബഷീർദിനം,മാതൃഭാഷാദിനം,ശിശുദിനം,ജലദിനം,വനദിനംതുടങ്ങിയ പ്രധാന ദിനാചരണങ്ങൾ സമുചിതമായി ആചരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## മേളകൾ

കലാമേള, കായികമേള,ശാസ്ത്ര-സാമൂഹ്യ പ്രവൃത്തി പരിചയമേള തുടങ്ങിയവയ്ക്ക് സ്കൂൾ പ്രവർത്തനങ്ങളിൽ വലിയ സ്ഥാനമാണുള്ളത്.കുട്ടികളുടെ വിവിധ കഴിവുകൾ പരിപോഷിപ്പിച്ച്അവരെ കഴിവുള്ള മേഖലകളിൽ അവരെ മുന്നിലെത്തിക്കാനുള്ള എല്ലാ പ്രവർത്തനങ്ങളും സ്കൂളിൽ നടത്തുന്നതാണ്.

## ആഘോഷങ്ങൾ

ഓണം, ക്രിസ്തുമസ്,പെരുന്നാൾ ആഘോഷങ്ങൾ വിപുലമായി നടത്തുന്നത് മൂലം കുട്ടികളിൽ ഒരുമയും പരസ്പര സഹകരണവും സാമൂഹികബോധവും വളർത്താൻ സഹായിക്കും.

# English fest KG Fest and Food fest

ഇംഗ്ലീഷ് പഠനനിലവാരം മെച്ചപ്പെടുത്താൻ ഇംഗ്ലീഷ് ഫെസ്റ്റ്, കെ.ജി കുട്ടികൾക്കായി കെ.ജി ഫെസ്റ്റ്, വിവിധ രുചികളും ഭക്ഷണങ്ങളും പരിചയപ്പെടുത്തുന്ന ഫുഡ് ഫെസ്റ്റ് എന്നിവ നടത്താൻ തീരുമാനിച്ചു.

### വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ

മലയാളം, ഗണിതം,അറബിക്,ഇംഗ്ലീഷ് ക്ലബ്ബുകൾ,വിദ്യാരംഗം കലാസാഹിത്യവേദി, ,ഹരിത ക്ലബ്ബ്, ആരോഗ്യ- ശുചിത്വക്ലബ്ബ് തുടങ്ങിയ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ.

## സ്കൂൾ വാർഷികം

ഓരോ സ്കൂൾ വർഷവും പ്രവർത്തനങ്ങളും കുട്ടികളുടെ മനസ്സിൽ മായാത രീതിയിലുള്ള സമീപനമാണ് സ്കൂളിൽ ഉണ്ടാവേണ്ടത്. അങ്ങനെ സന്തോഷകരമായ ഒരു വർഷം സമാപിക്കുമ്പോൾ രക്ഷിതാക്കളും കുട്ടുകളും അധ്യാപകരും നാട്ടുകാരും ഒത്ത് ചേർന്ന വിവിധ കലാപരിപാടികളോടെ സ്കൂളിന്റെ പിറന്നാൾ ആഘോഷിപ്പ്ുന്ന ചടങ്ങ് പൂർവ്വാധികം ഭംഗിയായി നടത്താൻ തീരുമാനിച്ചു.

## ACADEMIC CALENDER 2025-2026

## JUNE 2025-26

| Sl no | Date | Name of activity | Activities | Organized by |
|---|---|---|---|---|
| 1 | 2/06/25 | പ്രവേശനോത്സവം | സ്കൂൾ അലങ്കരിക്കൽ. ബലൂൺ, വാട്ടർ ബോട്ടിൽ നൽകി സ്വീകരിക്കൽ. കുട്ടി കലാവിരുന്ന് | സ്റ്റാഫ് & പി.ടി.എ |
| 2 | 3/06/25 to 13/06/25 | സമഗ്ര ഗുണമേന്മ വിദ്യഭ്യാസ പദ്ധതി - നല്ല പാഠം ക്ലാസ്സുകൾ | പൊതുകാര്യങ്ങൾ ട്രാഫിക് നിയമങ്ങൾ ശുചിത്വം, മാലിന്യസംസ്കരണം ആരോഗ്യശീലങ്ങൾ ഡിജിറ്റൽ അച്ചടക്കം | സ്റ്റാഫ് & പി.ടി.എ |

| | | | | |
|---|---|---|---|---|
| | | | പൊതുമുതൽ സംരക്ഷണം<br>പരസ്പര സഹകരണം<br>പൊതു ക്രോഡീകരണം | |
| 3 | 4/06/25 | Pre-test | മലയാളം,<br>ഗണിതം,EVS,ഇംഗ്ലീഷ്,അറബിക് | സ്റ്റാഫ് &<br>പി.ടി.എ |
| 4 | 5/06/25 | ലോക പരിസ്ഥിതി ദിനാചരണം | പോസ്റ്റർ നിർമ്മാണം<br>പരിസ്ഥിതി ദിന റാലി<br>തൈ നടൽ ,ക്വിസ് | ഹരിത ക്ലബ്ബ് |
| | | ബലിപെരുന്നാൾ ആഘോഷം | സ്പെഷ്യൽ ഭക്ഷണം<br>മൈലാഞ്ചിയിടൽ മത്സരം<br>ആശംസാകാർഡ് നിർമ്മാണം | സോഷ്യൽ ക്ലബ്ബ് |
| 5 | 16/06/25 | നമുക്കും മുന്നേറാം(അക്ഷരക്കൂട്ട്)<br>പഠനപോഷണ പദ്ധതി | പിന്നോക്കക്കാർക്കുള്ള പ്രത്യേക പരിപാടി തുടക്ക പ്രവർത്തനങ്ങൾ(സ്ക്രീനിങ്) | സ്റ്റാഫ് |
| 6 | 19/06/25 | വായനദിനാചരണം | വായനദിന ക്വിസ്<br>വായനമത്സരം<br>വായനവാരാചരണം | സോഷ്യൽ ക്ലബ്ബ് |
| | | | തുടക്കം,വിദ്യാരംഗം,മറ്റു ക്ലബ്ബുകൾ ഉദ്ഘാടനം | മറ്റ ക്ലബ്ബുകൾ |
| 7 | 20/06/25 | CPTA | കുട്ടികളുടെ ആരോഗ്യശീലങ്ങൾ,മുന്നറിവുകൾ,മറ്റു കാര്യങ്ങൾ -ചർച്ച | ക്ലാസ് ടീച്ചേഴ്സ് |
| 8 | 25/06/25 | വായനവാര സമാപനം | ലൈബ്രറി ഉത്ഘാടനം<br>വായനാകുറിപ്പ് മത്സരം<br>എക്സിബിഷൻ | സോഷ്യൽ ക്ലബ്ബ് |
| 9 | 26/06/25 to 27/06/25 | സ്കൂൾ ലീഡർ തെരെഞ്ഞെടുപ്പ് | പത്രികാ സമർപ്പണം<br>പിൻവലിക്കൽ<br>പ്ചരണം<br>വോട്ടെടുപ്പ്, എണ്ണൽ | സോഷ്യൽ ക്ലബ്ബ് |
| 10 | 30/06/25 | English magazine | | English club |
| 11 | 05/06/25<br>09/06/25 | SRG | Review<br>planning | |

| | | | | |
|---|---|---|---|---|
| | 13/06/25<br>20/06/25<br>27/06/25 | | Hard spot discussion<br>Academic master plan-ലെ പ്രവർത്തനങ്ങൾ (ചർച്ച) | |

# JULY 2025-26

| | | | | |
|---|---|---|---|---|
| 1 | 4/07/25 | ബഷീർ ചരമദിനം | ബഷീർ കഥയുടെ ദൃശ്യാവിഷ്കാരം<br>വീഡിയോ പ്രദർശനം | സോഷ്യൽ ക്ലബ്ബ് |
| | | പി.ടി.എ ജനറൽ ബോഡി | അക്ഷരക്കൂട്ട് പ്രഖ്യാപനം (പഠനപോഷണ പദ്ധതി)<br>Daily quiz ഉദ്ഘാടനം | PTA<br>HM<br>STAFF |
| 2 | 16/07/25 | സ്കൂൾതല കായികമേള | | |
| 3 | 21/07/25 | ചാന്ദ്ര ദിനാചരണം | ചാന്ദ്രദിന പതിപ്പ് തയ്യാറാക്കൽ<br>വീഡിയോ പ്രദർശനം<br>ചാന്ദ്രദിന ക്വിസ് | സയൻസ് ക്ലബ്ബ് |
| 4 | 31/07/25 | English magazine<br>Daily quiz | | English club |
| 5 | 4/07/25<br>11/07/25<br>18/07/25<br>25/07/25 | SRG | | |

# AUGUST 2025-26

| | | | | |
|---|---|---|---|---|
| 1 | 06/08/25 | ഹിരോഷിമ ദിനം | വീഡിയോ പ്രദർശനം<br>പ്ലക്കാർഡ് നിർമ്മാണം | സോഷ്യൽ ക്ലബ്ബ് |
| 2 | 08/08/25 | നാഗസാക്കി ദിനം | യുദ്ധവിരുദ്ധ റാലി<br>കഥാകഥനം | സോഷ്യൽ ക്ലബ്ബ് |
| | | ക്വിറ്റ് ഇന്ത്യ ദിനം | സഡാക്കോ നിർമ്മാണം | |
| 3 | 13/08/25 | സ്കൂൾ കലാമേള | | |

| | | | | |
|---|---|---|---|---|
| 4 | 15/08/25 | സ്വാതന്ത്ര്യ ദിനാഘോഷം | പരേഡ്<br>മധുര വിതരണം<br>ക്വിസ്<br>പ്രച്ഛന്ന വേഷം | സോഷ്യൽ ക്ലബ്ബ് |
| | | | സ്വാതന്ത്ര്യദിന പതിപ്പ്<br>ദേശഭക്തിഗാന മത്സരം | സ്റ്റാഫ് |
| 5 | 27/08/25 | CPTA | പഠനനേട്ടങ്ങൾ<br>അവലോകനം<br>മറ്റുകാര്യങ്ങൾ (ചർച്ച) | |
| 6 | 29/08/25 | ഓണാഘോഷം | ഓണപ്പൂക്കളമിടൽ<br>ഓണസദ്യ | സ്റ്റാഫ് & പിടി |
| | | മാഗസിൻ | മാവേലി എഴുന്നെള്ളിപ്പ്<br>വിവിധയിനം മത്സരം | |
| 7 | 01/08/25<br>08/08/25<br>14/08/25<br>22/08/25<br>29/08/25 | SRG | | |

# SEPTEMBER-2025-26

| | | | |
|---|---|---|---|
| 1 | 06/09/25 | പാദവാർഷിക പരീക്ഷ | സ്റ്റാഫ് & പിടിഎ |
| 2 | 10/09/25 | സ്കൂൾ ശാസ്ത്രമേള | സ്റ്റാഫ് & പിടിഎ |
| 3 | 12/09/25 | C PTA | |
| 4 | 29/09/25 | സ്കൂൾ കായികമേള | |
| 5 | 30/09/25 | Magazine<br><br>Daily quiz | |
| 6 | 12/09/25<br>19/09/25<br>26/09/25 | S R G | |

# OCTOBER-2025-26


| | | | | |
|---|---|---|---|---|
| 1 | 03/10/25 | ഗാന്ധിജയന്തി | ഗാന്ധി ക്വിസ്<br>ഉപ്പുസത്യാഗ്രഹം (ദൃശ്യാവിഷ്കാരം)<br>പ്രസംഗ മത്സരം | സ്റ്റാഫ് & പിടിഎ |
| 2 | ? | ശാസ്ത്രമേള പരിശീലനം | | സയൻസ് & ഗണിത ക്ലബ്ബ് |
| 3 | 18/10/25 | English word memory test<br><br>C PTA | | 3&4 Teachers<br><br>Staff |
| 4 | 31/10/25 | Magazine<br><br>Daily quiz | | |
| 5 | 03/10/25<br>10/10/25<br>17/10/25<br>24/10/25<br>31/10/25 | S RG | | |

# NOVEMBER 2025-26

| | | |
|---|---|---|
| 1 | 03/11/25 | |
| 2 | 18/11/25 | Quiz corner competition |
| 3 | 27/11/25 | C PTA |
| 4 | 29/11/25 | Magazine<br>Daily quiz |
| 5 | 05/11/25<br>14/11/25<br>21/11/25<br>28/11/25 | S RG |

# CLASS MASTER PLAN

## STD -IV



**2025-26**

**GMLP SCHOOL ANAKKATAM**

**PULLIYILANGADI**

# ഉള്ളടക്കം


1. മുൻഅധ്യാപികയുടെ റിപ്പോർട്ട് : 3
2. പാഠപുസ്തകങ്ങളും നോട്ടുപുസ്തകങ്ങളും : 4
3. ടൈംടേബിളും വിഷയവിതരണക്രമവും : 5
4. സ്കീം ഓഫ് വർക്ക് : 6
5. ക്ലാസ് മാസ്റ്റർ പ്ലാൻ : 11

അധ്യാപകന്റെ പേര് : ഇസ്ഹാഖ് എം
വിദ്യാർഥികളുടെ പേര്:

| Sl No | Admission no | Full name | Gender | Report and Instruction of previous class teacher | | | | | | Remarks |
|---|---|---|---|---|---|---|---|---|---|---|
| | | | | Malayalam | EVS | Maths | English | IT | Physical | |
| 1 | 2748 | ABDULLAH FAIZEEN T | Boy | Good | | Good | Very Good | | Good | |
| 2 | 2716 | ALOOF MUHAMMED K T | Boy | Must Improve | | Good | Good | | Very Good | |
| 3 | 2730 | AMNA FATHIMA K | Girl | Very good | | Good | Good | | Very Good | |
| 4 | 2727 | ANIYA K | Girl | Good | | Good | Good | | Good | |
| 5 | 2732 | AYISHA GAZBIYA K | Girl | Very good | | Good | Good | | Very Good | |
| 6 | 2718 | AYSHA P | Girl | Must Improve | | Must Improve | Must Improve | | Good | |
| 7 | 2719 | HANEENA HABI E P | Girl | Good | | Good | Good | | Very Good | |
| 8 | 2717 | ILFA FATHIMA K T | Girl | Good | | Must Improve | Must Improve | | Very Good | |
| 9 | 2729 | JUMAN P | Boy | Must Improve | | Must Improve | Must Improve | | Very Good | |
| 10 | 2721 | MUHAMMAD FATHIH P | Boy | Good | | Very Good | Good | | Very Good | |
| 11 | 2747 | MUHAMMED ABAN P | Boy | Good | | Very good | Good | | Very Good | |
| 12 | 2725 | MUHAMMED ZAYAN C | Boy | Good | | Good | Good | | Very Good | |
| 13 | 2723 | MUHAMMED ZAYAN P | Boy | Must Improve | | Must Improve | Must Improve | | Good | |
| 14 | 2724 | NIYA KRISHNA K P | Girl | Good | | Good | Good | | Very Good | |
| 15 | 2763 | RISHAN MOIDU P | Boy | Good | | Good | Very Good | | Very Good | |
| 16 | 2765 | SHIVANGINKUMARI | Girl | | | | | | | |
| 17 | 2722 | SIVAD P | Boy | Very good | | Very Good | Good | | Very Good | |

ആൺകുട്ടികൾ : 9 പെൺകുട്ടികൾ : 8

1. പഠനവിഷയങ്ങൾ

- മലയാളം
- പരിസരപഠനം
- ഗണിതം
- ഇംഗ്ലീഷ്
- വിവരസാങ്കേതിക വിദ്യ

2. നോട്ടുപുസ്തകങ്ങൾ

- മലയാളം
- പരിസരപഠനം
- ഗണിതം
- ഇംഗ്ലീഷ്
- Individual Master Plan (ചെറിയ നോട്ടുപുസ്തകം വരയുള്ളത്)
- രചനാ പരിചയം
- സർഗാത്മ ഡയറി
- എന്റെ പസിൽ ബുക്ക്
- പത്രവാർത്ത

# ടൈംടേബിൾ

| Days | 10.30-11.10 | 11.10-11.50 | 10 Mts | 12.00-12.40 | 12.40-1.15 | Lunch | 2.15-2.50 | 2.50-3.25 | 05 mts | 3.30-4.00 | 4.00-430 |
|---|---|---|---|---|---|---|---|---|---|---|---|
| Monday | Arabic | Arabic | Break | Malayalam | Malayalam | Break | Kalippetti | Malayalam | Break | W E | E V S |
| Tuesday | Maths | Maths | | English | English | | Malayalam | Art | | Malayalam | PET |
| Wednesday | E V S | E V S | | Maths | Maths | | E V S | E V S | | Malayalam | Art |
| Thursday | English | English | | Malayalam | Malayalam | | English | WE | | Art | Samajam |
| Friday | Maths | Maths | | Arabic | Arabic | | Malayalam | Malayalam | | W E | PET |

# വിതരണക്രമം

- മലയാളം..: 10
- പരിസരപഠനം...: 5
- ഗണിതം...: 6
- ഇംഗ്ലീഷ്.. : 5
- അറബിക് : 4
- കളിപ്പെട്ടി 1
- പ്രവൃത്തിപരിചയം : 3
- കായികം : 2
- കല : 3
- സർഗ്ഗവേള : 1

# സ്കീം ഓഫ് വർക്ക്

| മലയാളം | | | |
|---|---|---|---|
| അധ്യായം | പേര് | ആകെ പിരീഡ് | മാസം |
| 1 | ചിറകുവിരിച്ച് | 24 | ജൂൺ/ ജൂലൈ |
| 2 | ഇനിയും മുന്നോട്ട് | 36 | ആഗസ്റ്റ് /സെപ്റ്റംബർ |
| 3 | കാറ്റേ കടലേ | 32 | ഒക്ടോബർ/നവംബർ |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

# സ്കീം ഓഫ് വർക്ക്

| പരിസരപഠനം | | | |
|---|---|---|---|
| അധ്യായം | പേര് | ആകെ പിരീഡ് | മാസം |
| 1 | ജീവികളും ചുറ്റുപാടും | 20 | ജൂൺ |
| 2 | ഇന്ത്യ എന്റെ രാജ്യം | 30 | ജൂലൈ /ആഗസ്റ്റ് |
| 3 | ചിറകുള്ള കൂട്ടുകാർ | 28 | ആഗസ്റ്റ് /സെപ്റ്റംബർ |
| 4 | കലാകേരളം | 32 | സെപ്റ്റംബർ/ ഒക്ടോബർ |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

# സ്കീം ഓഫ് വർക്ക്

| ഗണിതം | | | |
|---|---|---|---|
| അധ്യായം | പേര് | ആകെ പിരീഡ് | മാസം |
| 1 | വരകൾ രൂപങ്ങൾ | 12 | ജൂൺ |
| 2 | ആയിരവും കടന്ന് | 18 | ജൂൺ/ ജൂലൈ |
| 3 | എത്രയെത്ര സംഖ്യകൾ | 16 | ജൂലൈ /ആഗസ്റ്റ് |
| 4 | കൂടുന്ന കൂട്ടം | 19 | ആഗസ്റ്റ് /സെപ്റ്റംബർ |
| 5 | നേരമായ് | 14 | സെപ്റ്റംബർ/ ഒക്ടോബർ |
| 6 | കുറയുന്ന കൂട്ടം | 19 | ഒക്ടോബർ |
| 7 | പെരുക്കൽ പെരുമ | 20 | നവംബർ |
| 8 | ഇങ്ങനെ അളക്കാം | 15 | ഡിസംബർ |
| 9 | തുല്യമായ കൂട്ടം | 21 | ജനുവരി |
| 10 | അളന്നും തൂക്കിയും | 16 | ഫെബ്രുവരി |
| 11 | ചിത്രങ്ങൾ കഥ പറയുന്നു | 10 | മാർച്ച് |

# Scheme of Work

| English | | | |
|---|---|---|---|
| **Unit** | **Name of Unit** | **Periods Allotted** | **Month** |
| **1** | **Beyond Fear** | 24 | **June/July** |
| **2** | **Voices of Unison** | 36 | **Aug/Sep** |
| **3** | **Pages of Wonder** | 32 | **Oct/Nov** |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

# സ്കീം ഓഫ് വർക്ക്

| കളിപ്പെട്ടി | | | |
|---|---|---|---|
| അധ്യായം | പേര് | ആകെ പിരീഡ് | മാസം |
| 1 | ചിത്രം വരയ്ക്കാം | 3 | ജൂൺ |
| 2 | റോമൻ അക്കങ്ങൾ | 2 | ജൂലൈ |
| 3 | ഉന്നം പിടിക്കാം, ഗുണനം പഠിക്കാം | 2 | ജൂലൈ |
| 4 | കനാൽ കടക്കാം | 2 | ആഗസ്റ്റ് |
| 5 | 24 മണിക്കൂർ ക്ലോക്ക് | 2 | ആഗസ്റ്റ് |
| 6 | ക്രമത്തിൽ ആക്കാം | 2 | സെപ്റ്റംബർ |
| 7 | പിയാനോ വായിക്കാം | 2 | സെപ്റ്റംബർ |
| 8 | കമ്പ്യൂട്ടറിൽ എഴുതാം | 2 | ഒക്ടോബർ |
| 9 | ഞാൻ എവിടെ? | 1 | ഒക്ടോബർ |
| 10 | കലണ്ടറിലെ കളികൾ | 1 | ഒക്ടോബർ |
| 11 | സംസ്ഥാനങ്ങളും തലസ്ഥാനങ്ങളും | 1 | നവംബർ |
| 12 | ചുറ്റുമുള്ള അളവ് | 3 | നവംബർ |
| 13 | മുങ്ങിക്കപ്പലിനെ സഹായിക്കാം | 2 | ഡിസംബർ |
| 14 | ഉത്സവമേളം | 2 | ജനുവരി |
| 15 | വഴി കാണിക്കാം | 2 | ജനുവരി |
| 16 | തുല്യമായി ഭാഗിക്കാം | 2 | ഫെബ്രുവരി |
| 17 | അനുസരണയുള്ള കമ്പ്യൂട്ടർ | 2 | ഫെബ്രുവരി |
| 18 | രൂപങ്ങൾ നിർമ്മിക്കാം | 3 | മാർച്ച് |
| 19 | വലയിലാക്കാം | 1 | മാർച്ച് |

# ക്ലാസ് മാസ്റ്റർ പ്ലാൻ

## മലയാളം

| മധുരം മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷ പരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | എസ് ആർ ജി ക്ലാസ് ടീച്ചർ | പിടിഎ ഫണ്ട് |
| വായിക്കാം വളരാം | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായന കൂട്ടം ക്ലാസ് ലൈബ്രറി ഒരിക്കൽ പുസ്തകപരിചയം വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ് പുസ്തക സംവാദം ആനുകാലിക വായന | വർഷം മുഴുവൻ | ഹെഡ് ടീച്ചർ എസ് ആർ ജി ക്ലാസ് ടീച്ചർ | പിടിഎ |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം വർഷം മുഴുവൻ | എസ് ആർ ജി ക്ലാസ് ടീച്ചർ | പിടിഎ |
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖനശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | പിടിഎ |
| കണ്ടറിയാം കേട്ടറിയാം | | | | |
| അറിവ് ഡോക്യുമെൻററിലൂടെ നേടൽ (ഐസിടി) | പാഠഭാഗങ്ങളുടെ ഭാഗമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | പിടിഎ |
| രുചിച്ചറിയാം | | | | |

| | | | | |
|---|---|---|---|---|
| നമ്മുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിൽ ഒരു സദ്യ | വർഷത്തിലൊന്ന് | എസ് ആർ ജി<br>ക്ലാസ് ടീച്ചർ<br>പിടിഎ | പിടിഎ |
| ഓർക്കാം.. അഭിമാനിക്കാം (സാഹിത്യകാരന്മാർ) | | | | |
| സാഹിത്യകാരന്മാരുടെ ജന്മദിനാചരണങ്ങൾ<br>സംഘടിപ്പിക്കൽ ... അടുത്തറിയൽ | ഓർമ്മ ദിനങ്ങൾ ആചരിക്കൽ<br>ഡോക്യുമെൻററി<br>പ്രദർശനം പുസ്തകപരിചയം ക്ലാസ് ലഘുപ്രഭാഷണം<br>ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | ഹെഡ്ടീച്ചർ<br>എസ് ആർ ജി<br>ക്ലാസ് ടീച്ചർ<br>സിപിടിഎ | പിടിഎ |
| കലക്കൂട്ട് | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം<br>ക്ലാസ് മുറിയിലേക്ക്, കലാ അവതരണം,<br>കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | ഹെഡ്ടീച്ചർ<br>എസ് ആർ ജി<br>ക്ലാസ് ടീച്ചർ<br>സിപിടിഎ | പിടിഎ |
| സർഗ്ഗോത്സവം | | | | |
| ഭാഷാ പഠനത്തിൻറെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | എച്ച് എം<br>എസ് ആർ ജി<br>ക്ലാസ് ടീച്ചർ | പിടിഎ |

# ഇംഗ്ലീഷ്

| ഇംഗ്ലീഷ് അസംബ്ലി ഇംഗ്ലീഷ് ഭാഷ പഠനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാൻ സംസാരിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ ഒരുദിവസം അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക് | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | പിടിഎ |
| ഇംഗ്ലീഷ് ഡയറി ഇംഗ്ലീഷ് ഭാഷ പഠനം | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതൂ | ആഴ്ചയിൽ മൂന്നുദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തീയേറ്റർ (ഇംഗ്ലീഷ് ഭാഷ പഠനം) | | | | |
| സർഗാത്മകതാ പരിഭാഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling, Rhyme) | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് മാഗസിൻ (കഴ്സീവ് റൈറ്റിങ്) | | | | |
| സർഗാത്മകതാ രചനശേഷി വികസനം | എല്ലാമാസവും കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മാസത്തിലൊരിക്കൽ | എച്ച് എം<br>എസ് ആർ ജി<br><br>ക്ലാസ് ടീച്ചർ | പിടിഎ |
| ഇംഗ്ലീഷ് ഭാഷ (കത്തെഴുത്ത്) | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കൾക്ക് കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | പിടിഎ |
| ഇംഗ്ലീഷ് കോർണർ | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിന് അനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല<br>ഒരുക്കൽ വായന വേള ഒരുക്കൽ<br>വായനാകുറിപ്പ് പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | പിടിഎ |
| ഇംഗ്ലീഷ് ഫെസ്റ്റ് | | | | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിൽ എത്തിക്കൽ | ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നത് ആത്മവിശ്വാസം ഉണ്ടാക്കൽ വായനാ മത്സരം രചന മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | വർഷാവസാനം | എച്ച് എം<br>എസ് ആർ ജ<br>ി<br>ക്ലാസ് ടീച്ചർ | പിടിഎ |

# ഗണിതം

| കളിക്കാം ഗണിക്കാം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഗണിത പഠനം രസകരമാക്കൽ ചതുഷ്ക്രിയകൽ ലളിതമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ. മൂല്യനിർണയം ഏണിയും പാമ്പും, ഡയസ് കളി (സംങ്കലനം- വ്യവകലനം) കച്ചവടക്കളി | വർഷം മുഴുവൻ | എസ് ആർ ജി<br>ക്ലാസ് ടീച്ചർ | പിടിഎ |
| ഒറിഗാമിയിലൂടെ പഠിക്കാം | | | | |
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ, കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | പിടിഎ |
| ഗണിതലാബ് | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | എച്ച് എം<br>എസ് ആർ ജി<br>ക്ലാസ് ടീച്ചർ | പിടിഎ |
| ഗണിതച്ചുമർ | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | പിടിഎ |
| ഗണിത പഠനോപകരണ ശില്പശാല | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | എച്ച് എം<br>എസ് ആർ ജി<br>ക്ലാസ് ടീച്ചർ | പിടിഎ |
| ഗണിതമേള | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പശ്നോത്തരി, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന | എസ് ആർ ജി<br>ക്ലാസ് ടീച്ചർ | പിടിഎ |

# പരിസരപഠനം

| പ്രകൃതി നടത്തം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| നിരീക്ഷണം<br>അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണ | എച്ച് എം<br>എസ് ആർ ജി<br>സി പി ടി എ | സി പി ടി എ |
| ശാസ്ത്രമൂല | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | എച്ച് എം<br>എസ് ആർ ജി<br>ക്ലാസ് ടീച്ചർ | പിടിഎ<br>എസ് എസ് എ |
| ശാസ്ത്രയാത്ര | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്രമെഡിക്കൽ പ്രദർശനങ്ങൾ ഫോക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | എച്ച് എം<br>എസ് ആർ ജി<br>ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ | പിടിഎ |
| ഭൂപടം ഒരുക്കാം | | | | |
| കേരളം ഇന്ത്യ ഭൂപട വായന സൂചിക പരിചയപ്പെടൽ | ഭൂപട വായന, ഭൂപട രചന, സൂചിക നിർമ്മാണം, സൂചിക ഉപയോഗിക്കൽ | വർഷത്തിലൊരിക്കൽ | എസ് ആർ ജി<br>ക്ലാസ് ടീച്ചർ | പിടിഎ |
| ശാസ്ത്രവിസ്മയ ച്ചുമർ | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | എസ് ആർ ജി<br>ക്ലാസ് ടീച്ചർ | പിടിഎ |
| ശാസ്ത്രോത്സവം | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ് ചാർട്ട് ആൽബം പഠനോപകരണം പരീക്ഷണം എന്നിവയുടെ പ്രദർശനം ഫോട്ടോ പ്രദർശനം(**ICT)** | വർഷത്തിലൊരിക്കൽ | എച്ച് എം<br>എസ് ആർ ജി<br>ക്ലാസ് ടീച്ചർ | പിടിഎ |
| ശാസ്ത്ര മാഗസിൻ | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാഗസിൻ നിർമ്മാണം | വർഷത്തിൽ ഒന്ന് | എച്ച് എം<br>എസ് ആർ ജി<br>ക്ലാസ് ടീച്ചർ | പിടിഎ |

# Academic Master Plan

## Class - III

## GMLP School Anakkayam.

## 2025- 26

2025-26

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാകുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| ലേഖനം<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപകൻ | സി പി ടി എ |

2025-26

| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br><br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br><br>സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br><br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>ഒക്ടോബർ<br><br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |

2025-26

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | • PRE-TEST<br>• Write simple words | June - July | Teacher, Students | P T A |
| To study , write and read simple words | Circle the word from TB and read | August - September | Teacher, Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like May I drinks some water ? May I Go to bathroom ?<br>• Hello.<br>• Hello, everyone.<br>• Good morning.<br>• Good morning everyone.<br>• Good morning class.<br>• Good Afternoon everyone.<br>• How are you?<br>• How are you all?<br>• How are you today?<br>• Let me take attendance etc | Academic year | Teacher, Students, Parents | Nil |
| Cursive writing | • Making English magazine - monthly. | Academic year. | Teacher, Students, Parents | PTA |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം ) | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ് ,ജലം , വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകൻ<br>• പി ടി എ<br>• ഹരിതകർമസേന - പി ടി എ | • പി ടി എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ- ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകൻ, കുട്ടികൾ | പി ടി എ<br>ഇല്ല |

2025-26

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം ,വൃത്തം ത്രികോണം എന്നി രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം ,വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ, സി പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ് ) | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | സി പി ടി എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • *മനഃ കണക്കുകൾ*<br>• *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ* | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | • *മനഃ കണക്കുകൾ*<br>• *മഞ്ചാടിക്കളി* | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ, സി പി ടി എ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*<br>• *ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്* | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ, കുട്ടികൾ | ഇല്ല |

STD II

Malayalam

# ACADEMIC MASTER PLAN

2025 -26

GMLP SCHOOL ANAKKAYAM
PULLIYILANGADI

## ആമുഖം

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗ്ഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്‌തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം.

## പ്രവർത്തന ലക്ഷ്യങ്ങൾ

↳ രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

↳ രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണം വായന ഉറപ്പാക്കുക

↳ ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

↳ വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

↳ ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു

↳ ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം)

## മുന്നൊരുക്കം.

↳ പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിലും ഉള്ള കുട്ടികളെ കണ്ടെത്തുന്നു.

↳ കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാകുന്നതിനുള്ള അവസരമുണ്ടാകുന്നു.

## പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

### ജൂൺ

↳ ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
↳ ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
↳ വായനാ സാമഗ്രികൾ നിർമ്മിക്കൽ.
↳ വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

### ജൂലൈ

↳ ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു-
↳ ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
↳ സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

### ആഗസ്ത്

↳ ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
↳ രക്ഷിതാക്കളുടെ സഹായം ഉറപ്പു വരുത്തൽ.
↳ വീട്ടു ലൈബ്രറി ഒരുക്കൽ.
↳ ചിത്ര വിവരണം.

## പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

### ജൂൺ

- ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
- വായനാ സാമഗ്രികൾ നിർമ്മിക്കൽ.
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

### ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു-
- ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

### ആഗസ്റ്റ്

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പു വരുത്തൽ.
- വീട്ടു ലൈബ്രറി ഒരുക്കൽ.
- ചിത്ര വിവരണം.

വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.

### സെപ്റ്റംബർ

- ↳ വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- ↳ വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- ↳ വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ.
- ↳ വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ.

### ഒക്ടോബർ

- ↳ കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.
- ↳ വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു.

ഉദാ : ആന
വലിയ ആന
കറുത്ത വലിയ ആന

### നവംബർ

- ↳ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

### ഡിസംബർ

- ↳ ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

↳ ലേഖന പ്രവർത്തനത്തിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം നൽകുന്നു.

## ജനുവരി

↳ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ.
(കവിതാ പൂരണം.)

↳ ലഘുവിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

## ഫെബ്രുവരി

↳ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ, (പ്രഭാഷണം, ലേഖനം, എഴുത്ത്)

↳ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം. ഒരുക്കൽ.

## മാർച്ച്.

↳ വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ

↳ ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ.

↳ ഓരോ കുട്ടിയും ഓരോ പതിപ്പുകൾ, കയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.

↳ വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

↳ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ.

# ACADEMIC MASTER PLAN

English

Aim:

To speak, Read & write english without any mistakes.

Time:

June, July, August.

June

Pretest

To develop listening skills & reading skills first.

Listening skills

Games, Action songs, Hello english activities, 2 conversations, Skit, Stories, Use ICT

Speaking skills

Descriptions, growing sentences, picture reading, picture description, self introduction, Assembly activities - speech, book review, quizz riddles, self introduction, school radio etc.

July & august

Reading skills

News paper reading, library books reading book review, reading breaking news, find words. collect and read past tense, rhyming words, describing words etc. Text book activities.

Writing skills.

Make word web, picture description, word chain, sentence chain, make words & sentences make riddles, conversations, Add more lines, develop story, description, notice proclamation, dairy letter Announcement, magazines.

# ACADEMIC MASTER PLAN

Maths

# ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠനനേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത്. എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടികളെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്
- ഗണിതത്തിന് പ്രയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു. (100 ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന രീതിയിൽ എത്തിച്ചേരൽ.
- പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ.

## മുന്നൊരുക്കം

↳ ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## ജൂൺ

- 1, 2, 3, 4 ......
  1, 3, 5, 7 .....
  10, 20, 30, 40 ....
  5, 10, 15, 20 .....
  2, 4, 6, 8 .....
  തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.
- ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുൻപുള്ള സംഖ്യയും കിട്ടും. എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

## ജൂലൈ

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിതത്തിന് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ.
- 10 - ന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ.
  (5+5=10, 10+10=20)

## ആഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ.
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ.
  99 നോട് 1 കൂടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100 ആകും.
100 ഒന്നുകൾ ചേർന്നതാണ് 100.

- ഓരോ സംഖ്യകളേയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

## സെപ്റ്റംബർ

- ഗണിതത്തിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.
- വിലവിവരപ്പട്ടിക തയ്യാറാക്കൽ
- ക്ലാസിലൊരു കട, സ്കൂളിലൊരു കട ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു.

## ഒക്ടോബർ

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
- സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ.
  (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

  5.... 10.... 15.... 20.... 25

  5 വീതം കൂടിയാൽ പ്രശ്ന വിശകലനം ചെയ്യും.

## നവംബർ

- സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
- പ്രായോഗിക പ്രശ്ന പരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
- ക്ലാസിനൊരു കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ.
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യ രൂപീകരിക്കൽ

  10 രൂപ + 5 രൂപ = 15 രൂപ

  നോട്ട് നാണയം.

## ഡിസംബർ

- സംഖ്യാബോധം തിരിച്ചറിവിൽ – സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
- സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ).
- രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

## ജനുവരി

- വിലവിവരപ്പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ
- കണ്ടെത്തി പറയൽ.
- പ്രശ്ന നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.

## ഫെബ്രുവരി

ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതലാപനം നടത്തൽ.

ഉല്ലാസ ഗണിതം മെറ്റീരിയൽ ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ.

ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

## മാർച്ച്

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ.
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്.
- മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ.
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

ജി.എം.എൽ.പി സ്കൂൾ ആനക്കയം
പുള്ളിയിലങ്ങാടി

ക്ലാസ് -1

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

അധ്യാപികയുടെ പേര് : ദൃശ്യ-എം

# മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ ഭാഷാപഠനം സമഗ്രമായി കുട്ടിയിൽ എത്തിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. പാഠപുസ്തകവും, ഹാൻഡ്ബുക്കും, ഒരു സർക്കാർ നിർദേശങ്ങളും പാലിച്ചുകൊണ്ട് ഏറ്റവും നൂതനവും പ്രായോഗികവുമായ രീതിയാണ് സ്വീകരിക്കുന്നത്. ഒന്നാംതരം പൂർത്തിയാക്കുന്ന വിദ്യാർത്ഥിക്ക് മലയാള ഭാഷ സ്വന്തമായി വായിക്കാനും ആശയങ്ങൾ ഗ്രഹിക്കാനും ഉചിതമായ രീതിയിൽ രചനകൾ നടത്താനും കഴിയേണ്ടതുണ്ട്. ഒന്നാം ക്ലാസിൽ പരിസരപഠനം, ഇതു കലാപ്രവർത്തനങ്ങൾ എന്നിവയോട് ഉൾച്ചേർത്താണ് ഭാഷാപഠനം നടക്കുന്നത്.

## ലക്ഷ്യങ്ങൾ

- → ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- → എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവു നേടുമെന്നുറപ്പു വരുത്തുക
- → തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക.
- → കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷേമവും ഉറപ്പാക്കുക
- → രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടൽ, നവമാധ്യമങ്ങളിലൂടെ പങ്കിടൽ.
- → ലളിതമായ വായനകാർഡുകൾ നിർമ്മിക്കുന്നു . വായിക്കുന്നു.

# പ്രവർത്തനങ്ങൾ

ജൂൺ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ
- സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
- അക്കാദമിക മാസ്റ്റർപ്ലാൻ അവതരണം.
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നൽകുന്നു.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ

ജൂലൈ

- ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.
- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- ചിത്രവായനക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു

ഓഗസ്റ്റ്

- തിയേറ്റർ സാധ്യതകൾ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ് തുടങ്ങിയ പ്രവർത്തനങ്ങൾ
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷാ ശേഷിവികസനത്തിനായി അക്ഷരപ്പാട്ടുകൾ ചിത്രവായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.

സെപ്റ്റംബർ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വന്ത രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

- ലളിതമായ വായനാകാർഡുകൾ സഹായത്തോടെ വായിക്കുന്നു.
- വായനോത്സവം സംഘടിപ്പിക്കുന്നു.
- ചിത്രവായനക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.

നവംബർ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കളാക്കുന്നു.
- കൂട്ടുവായന, വീട്ടുവായന, നാട്ടുവായന ഇവയെ പ്രോത്സാഹിപ്പിക്കൽ
- പത്രവായനക്ക് അവസരം ഒരുക്കൽ
- താളാത്മകമായി കവിതകൾ ചൊല്ലൽ
- വായനാകാർഡുകൾ, ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ടവായന നടത്തുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ട് എഴുതുന്നു.

# ആമുഖം

എല്ലാ മനുഷ്യരുടെ ജീവിതത്തിലും അറിഞ്ഞും അറിയാതെയും ഏറിയും കുറഞ്ഞും ഗണിതം കടന്നുവരുന്നുണ്ട്. ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്താൽ എന്നത് മുന്നിൽ കണ്ടുകൊണ്ടാണ് പ്രൈമറിതല പഠനത്തിലേക്ക് കാലെടുത്തുവച്ച ഒന്നാം ക്ലാസിലെ കുട്ടികൾ ഗണിത ലോകത്തിലേക്ക് കടന്നുവരുന്നത്. തുടർന്ന് എണ്ണൽസംഖ്യകളുടെ ലോകത്തിലേക്കും എത്തുന്നു. ഇതേ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗനിർദ്ദേശിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിതപ്രവർത്തനത്തിലും തൽപരനായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക എന്നതാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

ഡിസംബർ.

- ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാതെ ഭാഷയിൽ എഴുതുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- ലഘു കവിതകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സൂക്ഷ്മവായന കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനുവരി

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
- തിയേറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

- കുട്ടികളുടെ രചനകൾ മാഗസിനിൽ നൽകുന്നു.
- ആശയ പൂർണ്ണതയോടെ ആസ്വാദന രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നു.

മാർച്ച്

കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ, പുസ്തക രൂപത്തിൽ ആക്കി പ്രകാശനം ചെയ്യുക.

- വീട്ടുവായന, കൂട്ടുവായന, അമ്മവായന, ചങ്ങലവായന, സ്വതന്ത്രവായന എന്നിവ പ്രോത്സാഹന
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# ഗണിതം

ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചുവരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ - അവരോഹണ ക്രമത്തിലാക്കുന്നു.
- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം, വ്യവകലനം
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യാ പാറ്റേൺ തിരിച്ചറിയാൻ
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യാനുള്ള കഴിവ് നേടുന്നു.

ജൂൺ.

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
- ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ
- ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ

ഒക്ടോബർ

- ഒറ്റ സംഖ്യ ഇരട്ട സംഖ്യ തിരിച്ചറിയൽ
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ , ഇരട്ട സംഖ്യ എന്ന തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ
-

നവംബർ

- സംഖ്യാഗാനങ്ങൾ പാടുന്നു. , ശേഖരിക്കുന്നു.
- ഒരക്ക സംഖ്യയും ,രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം / വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- 1 മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ , അവരോഹണ ക്രമത്തിൽ എഴുതൽ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.

ഫെബ്രുവരി

- ഗണിത ആൽബം PTA യിൽ പ്രദർശിപ്പിക്കുന്നു
- വിലവിവരപ്പട്ടിക , പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ പൂർത്തിയാക്കുന്നു.
- ലളിതമായ ക്രിയകളിൽ ഏർപ്പെടുന്നു.

- ഗണിതരീതിയിൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നു.
- സംഖ്യകളുടെ പകുതി മൂല്യം കണ്ടെത്തിച്ചേരുന്നു.

# ACADEMIC MASTER PLAN

STD 1

English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like malayalam. we have to keep the language English close to our heart. The academic masterplan is designed to ensure that not a single child illiterate.

objectives and Learning outcomes

- Describe orally about the pictures and objects
- Familiarise with simple words
- Enjoy Songs and sings them with Rhythm and action.
- familiarise the names of birds, animals, their young ones and identifies from pictures.

JUNE

→ introduce symbol words
→ provides picture cards

JULY

→ identify familiar words
→ say familiar words
→ Read Familiar words
→ write familiar words

August

→ Enjoy songs and signs them with Rhythm and action
→ Describes orally about pictures and objects using adjectives

September

→ Read and write simple words and sentences
→ provides picture cards and reading cards.

October

→ introduce symbol pictures descriptions.
→ Make word chain, sentence chain
→ make riddles
→ Describing words rhyming words
→ Text book activities

November

→ prepare reading cards

→ provide more opportunities to read, write and speak English.

→ write five English words daily

December

→ Read and understand simple instructions in classroom.

→ Encourage digital reading.

January

→ Enjoy songs and sings them with Rhythm and action

→ make picture albums

→ collect pictures of animals and its young ones

February

→ provide the opportunity to express myself in the classroom

→ English assembly once in a week

March

→ speaks English fluently

→ Read and write simple sentences

→ picture reading and picture description.